(1)	(2)	(3)
കീഴന്ന ബീച്ച് സൗന്ദര്യ വൽകരണം	സ.ഉ.(സാധാ) നമ്പർ 3743/2010/ ടി.എസ്.എം. തീയതി 20-5-2010 ആകെ തുക -30 ലക്ഷം	സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.
കീറ്റ്സ് ടെയിനിംഗ് സെന്റർ -പുതിയ കെട്ടിട നിർമ്മാണം	സ.ഉ.(സാധാ) നമ്പർ 496/ 2011/ടി.എസ്.എം. തീയതി 19-1-2011. ആകെ തുക -210 ലക്ഷം	തീരദേശ നിയന്ത്രണ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിമിത്തം പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.
മുഴപ്പിലങ്ങാട് കുളം ബസാർ മുഴപ്പിലങ്ങാട് ബീച്ച് റോഡ് മെച്ചപ്പെടുത്തൽ	സ.ഉ.(സാധാ) നമ്പർ 480/ 2011/ടി.എസ്.എം. തീയതി 19-1-2011. ആകെ തുക -50 ലക്ഷം	പ്രവൃത്തി ആരംഭിച്ചിട്ടില്ല
മക്രേരി അമ്പലം-ശ്രീ ദക്ഷിണ മൂർത്തി സ്വാമിയുടെ മെമെന്റോസ് മ്യൂസിയവും കൾച്ചറൽ സെന്ററും	സ.ഉ.(സാധാ) നമ്പർ 6123/ 2014/ടി.എസ്.എം. തീയതി 4-8-2014. ആകെ തുക -50 ലക്ഷം	പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

മുട്ടറ മരുതിമല, ഇക്കോ ടൂറിസം പദ്ധതി

330 (996) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിൽ നിന്നും എത്ര തുക അനുവദിച്ചിരുന്നു;

(ബി) പ്രസ്തുത തുക ചെലവഴിച്ചു നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടന സജ്ജമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 35,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹോർട്ടികൾച്ചർ, ലാന്റ് സ്കേപ്പിംഗ്, പിക്നിക്ക് പവലിയനുകൾ, ഇന്റർപ്രട്ടേഷന് വേണ്ടിയുള്ള ഓപ്പൺ എയർപ്ലാസ, കുട്ടികൾക്കായുള്ള കളിസ്ഥലം, ട്രക്ക് പാത്ത്, കുടിവെള്ള സൗകര്യം, ഫെസിലിറ്റേഷൻ സെന്റർ, ടോയ്ലറ്റ്, കുടിവെള്ള വിതരണം തുടങ്ങിയ പ്രവൃത്തികളാണ് നടപ്പിലാക്കിയത്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല വെളിയം ഗ്രാമപഞ്ചായത്തിനാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

331 (997) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ പരാജയപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ മുഖ്യകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) അനുവദിച്ചു കിട്ടിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ. ;

(സി) ടൂറിസം രംഗത്തെ കേന്ദ്ര നിക്ഷേപം സംബന്ധിച്ച കഴിഞ്ഞ അഞ്ചു വർഷത്തെ വിശദാംശം നൽകാമോ ; ഓരോ വർഷവും സമർപ്പിച്ച പദ്ധതികൾ മൊത്തം എത്ര രൂപയുടേതായിരുന്നുവെന്നും അനുവദിച്ചുകിട്ടിയ തുക എത്ര വീതമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പൂർണ്ണമായും ഇല്ല. പ്രാദേശികവും പദ്ധതി പ്രദേശത്തെ സ്ഥല മെടുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, കാലാവസ്ഥ വ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നീ കാരണങ്ങൾകൊണ്ടും സമയബന്ധിതമായി ചില പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly